**File No.HEALTH-A3/29/2020-HEALTH**

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് -ആരോഗ്യ വകുപ്പ് -ജീവനക്കാര്യം -ഡോ.അനു സുരേന്ദ്രനെ സർവ്വീസിൽ പുനപ്രവേശിപ്പിച്ചുകൊണ്ട് പുനർ നിയമനം നൽകി ഒഎ നം 1794/2020 നമ്പർ കേസിലെയും സിപി 180/2020 നമ്പർ കേസിലെയും വിധി അനുപാലിച്ചുകൊണ്ട് ഉത്തരവാകുന്നു

ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്

സ.ഉ.(സാധാ) നം.2363/2020/ആ.കു.വ തീയതി,തിരുവനന്തപുരം, 21/12/2020

പരാമർശം:- 1 സഉ (അച്ചടി ) നം55/2020/ആകുവ തീയതി 16/09/2020 നമ്പർ ഉത്തരവ്

2 ഒഎ നം 1794/2020 നമ്പർ കേസിൽ 18/11/2020 തീയതിയിൽ ബഹു അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവ്

3 27/11/2020 തീയതിയിലെ എ3/29/2020/ഹെൽത്ത് നമ്പർ സർക്കാർ കത്ത്

4. സിപി 180/2020 നമ്പർ കേസിൽ 18/12/2020 തീയതിയിൽ ബഹു അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവ്

<u>ഉത്തരവ്</u>

ആരോഗ്യ വകുപ്പിൽ അനധികൃതമായി സർവ്വീസിൽ നിന്നും വിട്ടു നിൽക്കുന്ന ജീവനക്കാരെ സർവ്വീസിൽ പുനഃ പ്രവേശിപ്പിക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങളും വ്യവസ്ഥകളും വ്യക്തമാക്കിക്കൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആരോഗ്യ വകുപ്പിൽ ചെമ്പുംപുറം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ അസിസ്റ്റന്റ് സർജനായിരിക്കേ 01.06.2019 മുതൽ സർവ്വീസിൽ നിന്നും വിട്ടുനിന്നിരുന്ന ഡോ.അനു സുരേന്ദ്രൻ, തന്നെ സർവ്വീസിൽ പുനഃപ്രവേശിക്കാൻ അനുവദിക്കണ മെന്നാവശ്യപ്പെട്ട് ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ സമർപ്പിച്ച ഒഎ നം 1794/2020 നമ്പർ കേസിൽ പരാമർശം (2) പ്രകാരമുള്ള ഇടക്കാല ഉത്തരവ് പ്രകാരം ,ബഹു ട്രിബ്യൂണൽ ,ഡോ.അനു സുരേന്ദ്രനെ പ്രസ്തുത കേസിലെ അന്തിമ വിധിക്ക് വിധേയമായി സർവ്വീസിൽ പുനപ്രവേശിക്കാൻ അനുവദിക്കണമെന്ന് നിർദ്ദേശിക്കുകയുണ്ടായി.

2 പ്രസ്തുത വിധിയെ തുടർന്ന് പരാമർശം (3) പ്രകാരമുള്ള കത്ത് പ്രകാരം ,പരാമർശം (1)ൽ വ്യവസ്ഥ ചെയ്തിരിക്കുന്നത് പ്രകാരമുള്ള ബോണ്ട് സമർപ്പിക്കാൻ നിർദ്ദേശിച്ചിരുന്നു .ടിയാൾ ബോണ്ട് സമർപ്പിച്ചിരുന്നില്ല. തുടർന്ന് ഫയൽ ചെയ്യപ്പെട്ട സിപി 180/2020 നമ്പർ കേസിൽ പരാമർശം (4) പ്രകാരമുള്ള ഉത്തരവിൽ 22.12.2020 തീയതിക്കുള്ളിൽ ടിയാൾക്ക് നിയമന ഉത്തരവ് നൽകുന്നതിന് ഉത്തരവായിരിക്കുന്നു .

AG

File No.HEALTH-A3/29/2020-HEALTH

3. സർക്കാർ ഈ, വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഡോ.അനു സുരേന്ദ്രനെ ഒഎ നം 1794/2020 നമ്പർ കേസിലെ അന്തിമ വിധിക്കും ,അച്ചടക്ക നടപടിയുടെ തീർപ്പിനും വിധേയമായി ആരോഗ്യ വകുപ്പിൽ സർവ്വീസിൽ പുനഃപ്രവേശിപ്പിച്ചുകൊണ്ടും വട്ടവട കുടുംബാരോഗ്യ കേന്ദ്രത്തിൽ അസിസ്റ്റന്റ് സർജനായി നിയമിച്ചുകൊണ്ടും ഒഎ നം 1794/2020 നമ്പർ കേസിലെയും സിപി 180/2020 നമ്പർ കേസിലെയും വിധി അനുപാലിച്ച് ഇതിനാൽ ഉത്തരവാകുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമേഷ് ജി ആർ
ഡെപ്യൂട്ടിസെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ ,തിരുവനന്തപുരം [ആമുഖക്കത്ത് സഹിതം]

ആരോഗ്യ വകുപ്പ് ഡയറക്ടർ ,തിരുവനന്തപുരം

ഡോ.അനു സുരേന്ദ്രൻ (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ് ) കേരള ,തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**മേലെഴുത്ത് നം.ഇസി6-61954/2019/ആവഡ തീയതി.21/12/2020**

ഗവ. ഉത്തരവിന്റെ കോപ്പി അറിവിനും അനന്തര നടപടികൾക്കുമായി അയയ്ക്കുന്നു.

ആരോഗ്യ വകുപ്പ് ഡയറക്ടർക്കുവേണ്ടി

സ്വീകർത്താവ്

ഡോ.അനുസുരേന്ദ്രൻ
അസിസ്റ്റന്റ് സർജൻ
ഹൗസ് നം.156, കനക നഗർ
നന്തൻകോട്, വെള്ളയമ്പലം., തിരുവനന്തപുരം.

പകർപ്പ്.

1. അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം.
   (ആമുഖ കത്ത് സഹിതം.)
2. ജില്ലാ മെഡിക്കൽ ആഫീസർ (ആ.) ഇടുക്കി/ആലപ്പുഴ.
3. മെഡിക്കൽ ആഫീസർ ഇൻ-ചാർജ്ജ്, കുടുംബാരോഗ്യകേന്ദ്രം
   വട്ടവട, ഇടുക്കി ജില്ല.
4. മെഡിക്കൽ ആഫീസർ ഇൻ-ചാർജ്ജ്, സി.എച്ച്.സി ചെമ്പുംപുറം
   ആലപ്പുഴ
5. സൂപ്രണ്ട്, ഇ.എ സെക്ഷൻ
6. ഫയൽ/ കരുതൽ ഫയൽ